(ഇ) സ്ഥലമെടുപ്പ് സംബന്ധിച്ച് ഹൗസിംഗ് ബോർഡിനെതിരെ കേസുണ്ടാകുമ്പോൾ ഔട്ട് ഓഫ് കോർട്ട് സെറ്റിൽമെന്റിന് ബോർഡ് ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ ഫലമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഇ) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

തിരുവനന്തപുരത്ത് സിവിൽസ്റ്റേഷൻ പണിയുവാൻ നടപടി

37 [3206] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സിവിൽസ്റ്റേഷൻ പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന് എത്ര ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്;

(സി) ജില്ലാ കളക്ടർ, ആർ.ഡി.ഒ. എന്നിവർക്ക് ഔദ്യോഗിക വസതികൾ ഉണ്ടോ;

(ഡി) ഇല്ലെങ്കിൽ സിവിൽസ്റ്റേഷനോടനുബന്ധിച്ച് ഇവർക്ക് കൂടി ഔദ്യോഗിക വസതികൾ പണിയാൻ നടപടി സ്വീകരിക്കുമോ;

(ഇ) കളക്ടറേറ്റിനും സിവിൽ സ്റ്റേഷനും കുടപ്പനക്കുന്ന് പഞ്ചായത്ത് പരിധിക്കുള്ളിൽപ്പെട്ട സർക്കാർ ഭൂമി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) സിവിൽ സ്റ്റേഷൻ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ നിർദ്ദേശങ്ങൾ നൽകുമോ;

(ജി) തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് സമിതിയ്ക്ക് സ്വന്തം കെട്ടിടം ഉണ്ടോ യെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഉദ്ദേശം മൂന്ന് ഏക്കറോളം ഭൂമി.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) സ്ഥലം ലഭ്യമായാൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

(ജി) സ്വന്തം കെട്ടിടം ഇല്ല.

വില്ലേജ് ആഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

38 [3210] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിൽ നൽകുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ തരം അപേക്ഷയ്ക്കും നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് ആഫീസുകളിൽ നൽകുന്ന അപേക്ഷകളിന്മേൽ കൈപ്പറ്റു രസീതു നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വിവിധ സർട്ടിഫിക്കറ്റിനായി നൽകുന്ന അപേക്ഷകളിൽ അവ എന്ന് നൽകാൻ കഴിയും എന്ന് വ്യക്തമാക്കുന്ന തരത്തിലുള്ള ടോക്കൺ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജ് ആഫീസുകളിൽ ഒഴിവുള്ള തസ്തികകൾ നികത്താൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വരുമാന സർട്ടിഫിക്കറ്റ്, കൈവശ സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ കാര്യത്തിൽ ഒരാഴ്ചയ്ക്കുള്ളിലും ജാതി സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ മൂന്നു ദിവസത്തിനുള്ളിലും തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ വ്യക്തമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം, സ്ഥലപരിശോധന എന്നിവ ആവശ്യമില്ലാത്ത കേസുകളിൽ ഉടൻ തന്നെ നടപടി സ്വീകരിച്ചു സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly